LIBRARY ARCHIVES Kerala Legislative Assembly

കാരുണ്യ ബെനവലന്റ് ഫണ്ട്

108 (80) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും സഹായത്തിനായി സമർപ്പിച്ച എത്ര അപേക്ഷകൾ കോഴിക്കോട് ജില്ലയിൽ നിന്നുള്ളത് തീർപ്പാവാതെ കിടപ്പുണ്ട് എന്നത് വിശദമാക്കാമോ;

(ബി) കാരുണ്യ ബെനവലന്റ് ഫണ്ടിൽ സഹായധനം ലഭിക്കുന്നതിന് വലിയ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോഴിക്കോട് ജില്ലയിൽ നിന്നും അയച്ച അപേക്ഷകളിൽ ഇനിയും ധനസഹായം അനുവദിച്ചിട്ടില്ലാത്ത എത്ര അപേക്ഷകൾ ഉണ്ട് എന്നും എപ്പോൾ തീർപ്പാക്കും എന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഗവൺമെന്റ് ആശുപത്രികളിലെ അപേക്ഷകൾ - 3025

സ്വകാര്യ ആശുപത്രികളിലെ അപേക്ഷകൾ - 1428

ആകെ തീർപ്പാക്കാനുള്ള അപേക്ഷകൾ - 4453

(ബി) നടപടി ക്രമങ്ങൾ പൂർത്തിയാക്കുവാനുള്ള കാലതാമസം വരാറുണ്ട്.

(സി) ആകെ തീർപ്പാക്കാനുള്ള അപേക്ഷകൾ - 4453

14 ജില്ലകളിൽ നിന്നും ലഭിക്കുന്ന ആയിരക്കണക്കിന് അപേക്ഷകൾ യഥാസമയം പരിശോധിക്കുന്നതിന് മതിയായ സ്ഥിരം ജീവനക്കാർ ഇല്ലാതിരുന്നതുകൊണ്ടാണ് ധനസഹായം വിതരണം ചെയ്യുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളത്. എന്നാൽ ജനുവരി 2016 മുതൽ ഭാഗ്യക്കുറി വകുപ്പിൽ നിന്നും ഇതിനായി പ്രത്യേകം ജീവനക്കാരെ നിയോഗിച്ച് ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടത്തിവരുന്നു.

ബഡ്ജറ്റ് ചെലവും യഥാർത്ഥ ചെലവും

109 (81) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും പൊതുഭരണം, റവന്യൂ, പോലീസ്, നീതിനിർവ്വഹണം, നികുതി, ഫിനാൻസ് തുടങ്ങിയ റെഗുലേറ്ററി

മേഖലകളിലെ ബഡ്ജറ്റിൽ പ്രതീക്ഷിച്ച ചെലവും, യഥാർത്ഥ ചെലവും എത്ര വീതമാണെന്ന് വിശദമാക്കാമോ;

(ബി) 2011-12 ലെ ചെലവിനെ അപേക്ഷിച്ച് 2014-15 വർഷത്തിൽ ഓരോ ഇനത്തിലും എത്ര ശതമാനം വർധന നേടുകയുണ്ടായിട്ടുണ്ട്;

(സി) 2015-16 വർഷം മേൽപ്പറഞ്ഞവയ്ക്ക് ഓരോന്നിനും ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക 2011-12-നെ അപേക്ഷിച്ച് എത്ര ശതമാനം കൂടുതലാണ്; യഥാർത്ഥ ചെലവ് എത്ര ശതമാനമായി വർദ്ധിക്കാൻ സാധ്യതയുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ-സി) അനുബന്ധമായി ചേർക്കുന്നു.*

പതിനാലാം ധനകാര്യ കമ്മീഷൻ- കേന്ദ്രാവിഷ്കൃത പദ്ധതികൾ

110 (82) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പതിനാലാം ധനകാര്യ കമ്മീഷൻ അവാർഡിന്റെ ഭാഗമായി നിർത്തലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്തൊക്കെയാണ്; ഏതെല്ലാം പദ്ധതികൾക്ക് കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവും തമ്മിലുള്ള അനുപാതത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്; കേന്ദ്രവിഹിതം പകുതിയാക്കിയ പദ്ധതികൾ ഏതെല്ലാം;

(ബി) നിർത്തലാക്കിയതും, കേന്ദ്രവിഹിതം പകുതി ആക്കിയതുമായ പദ്ധതികൾ സംസ്ഥാനത്ത് തുടർന്നും നടപ്പാക്കുന്നതിന് മൊത്തം എത്ര കോടി രൂപ ആവശ്യമാണ്; പദ്ധതികൾ എല്ലാം സംസ്ഥാനത്ത് തുടർന്നും നടപ്പിലാക്കിയിട്ടുണ്ടോ; തന്നാണ്ടിൽ ഇതിനകം ഈ പദ്ധതികൾക്കുവേണ്ടി എത്ര തുക ചെലവഴിച്ചു ;

(സി) പതിനാലാം ധനകാര്യ കമ്മീഷൻ അവാർഡ് ആയി ലഭിക്കുന്ന തുകയുടെ എത്ര ശതമാനം വേണ്ടി വരും ഈ പദ്ധതികൾ തുടർന്നും നടപ്പിലാക്കാൻ ; വിശദാംശം ലഭ്യമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly